## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1175 — 13/12/2012 ൽ മറുപടിക്ക്

## കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിലെ നിയമനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ);<br>ശ്രീ. എസ്.രാജേന്ദ്രൻ;<br>ശ്രീ. ബി.ഡി.ദേവസ്സി; | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിലെ നിയമനത്തിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്ന പരാതിയിൽ സംസ്ഥാനത്തെ മന്ത്രിമാരുടെ പേരിൽ ലോകായുക്ത നോട്ടീസ് അയയ്ക്കുകയുണ്ടായോ; ആരോപണ വിധേയരായ മന്ത്രിമാർ ആരൊക്കെയെന്ന് വെളിപ്പെടുത്തുമോ; | എ) | നാളിതുവരെ പുതിയ നിയമനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. നിലവിലുള്ള ഒഴിവുകളിലേയ്ക്കും ഭാവിയിൽ ഉണ്ടാകുവാനിടയുള്ള ഒഴിവുകളിലേക്കും നിയമനത്തിനു വേണ്ടി നടത്തിയ വിജ്ഞാപനം അടിസ്ഥാനമാക്കി ഒരു വ്യക്തി നൽകിയ ഹർജി ലോകായുക്ത ഫയലിൽ സ്വീകരിക്കുകയുണ്ടായി. ഈ ഹർജിയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെയും ബഹുമാനപ്പെട്ട നഗരവികസന മന്ത്രിയുടെയും പേരുകൾ ചേർത്തിട്ടുണ്ട്. |
| ബി) | ഓപ്പൺ സ്കൂൾ നിയമനത്തിന് ഏതെങ്കിലും എം.എൽ.എ.മാർ ശുപാർശ ചെയ്യുകയുണ്ടായോ; ശുപാർശയിൽ ഉൾപ്പെട്ടിട്ടുള്ള ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | ബി) | എം.എൽ.എ മാർ ആരും തന്നെ പുതിയ നിയമനത്തിനു വേണ്ടി ശുപാർശ ചെയ്തിട്ടില്ല. പുതിയ നിയമനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. |
| സി) | നിയമനങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ; | സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ